(എച്ച്) ആവശ്യത്തിനു പണം അലോട്ടു ചെയ്യാത്തതുകൊണ്ട് ഈ പദ്ധതിയുടെ പണി സ്തംഭനാവസ്ഥയിലായിട്ടുണ്ടോ;

(ഐ) ഉണ്ടെങ്കിൽ അതിനെന്തു നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്?

ഉത്തരം

(എ) 193.922 ലക്ഷം രൂപ.

(ബി) ഇതിൽ 1985–86–ൽ 195.12 ലക്ഷം രൂപ ചെലവായിട്ടുണ്ട്.

(സി) 200 ലക്ഷം രൂപ.

(ഡി) 1–4–1986–ൽ 108.334 ലക്ഷം രൂപയ്ക്കുള്ള കോൺട്രാക്ടർമാർക്കുള്ള ബില്ലുകൾ കൊടുക്കാനുണ്ട്.

(ഇ) 1986 ഏപ്രിൽ 1–ാം തീയതിവരെ 108.334 ലക്ഷം രൂപയുടെ കോൺട്രാക്ടർമാരുടെ ബില്ലുകളും 115.551 ലക്ഷം രൂപയുടെ സി. എസ്. എസ്. ബില്ലുകളും കൊടുത്തു തീർക്കാനുണ്ട്. ഇതു കൂടാതെ 301.626 ലക്ഷം രൂപ സ്ഥലം പൊന്നും വിലയ്ക്കെടുത്ത വകയിൽ അഡ്ജസ്റ്റ് ചെയ്യാനുണ്ട്. അങ്ങനെ മൊത്തം 525.511 ലക്ഷം രൂപയുടെ ബാദ്ധ്യതയ്ക്കുവേണ്ടി ബഡ്ജറിലുള്ള 200 ലക്ഷം രൂപയിൽ ജോലികൾക്കായി വകകൊള്ളിച്ചിട്ടുള്ളത് 149.988 ലക്ഷം രൂപ മാത്രമാണ്. കോൺട്രാക്ടർമാരുടെ കുടിശ്ശിക ബില്ലു നൽകുവാൻ നടപടി കൈക്കൊള്ളുന്നതാണ്.

(എഫ്) ഇല്ല.

(ജി) ചോദ്യം ഉദിക്കുന്നില്ല.

(എച്ച്) പദ്ധതിയുടെ പണികൾ സ്തംഭിച്ചിട്ടില്ല. എന്നാൽ കരാർ ചെയ്യപ്പെട്ട പണികളിൽ എല്ലാ പണികൾക്കും യഥാസമയം ബില്ലു നൽകുവാൻ സാധിക്കാത്തതുകൊണ്ട് ചില കരാറുകാർ താൽക്കാലികമായി പണികൾ നിറുത്തിവെച്ചിട്ടുണ്ട്. ചിലർ കരാറിൽനിന്നും ഒഴിവാക്കണമെന്നപേക്ഷിച്ചിട്ടുണ്ട്.

(ഐ) ഈ സാമ്പത്തിക വർഷം കൂടുതൽ തുക അനുവദിക്കാൻ കഴിയുകയില്ല. അടുത്ത വർഷം കൂടുതൽ അലോട്ട്മെന്റ് പ്രതീക്ഷിക്കുന്നു. മൂവാറ്റുപുഴ പദ്ധതി വിദേശ സഹായത്തിനായി ശുപാർശ ചെയ്യുന്നതാണ്.

വെള്ളപ്പൊക്ക ദുരിതാശ്വാസത്തിൽ ഉൾപ്പെടുത്തിയ ഇറിഗേഷൻ പണികൾ

421 [458] ശ്രീ. എസ്. ആർ. തങ്കരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) 1985–86–ലെ വെള്ളപ്പൊക്ക ദുരിതാശ്വാസത്തിൽ ഉൾപ്പെടുത്തിയ ഇറിഗേഷൻ പണികൾക്കുവേണ്ടി എത്ര തുക ലഭിച്ചു;

(ബി) മൈനർ ഇറിഗേഷനും മേജർ ഇറിഗേഷനും പ്രത്യേകം പ്രത്യേകമായി എത്ര തുക വീതം അനുവദിച്ചു;

(സി) തിരുവനന്തപുരം ജില്ലയിൽ ഇതിലേക്കായി തുക നൽകിയിരുന്നോ; ഉണ്ടെങ്കിൽ എവിടെയെല്ലാം; ഏതെല്ലാം ജോലികൾക്കെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 1985–86–ലെ വെള്ളപ്പൊക്കദുരിതാശ്വാസത്തിൽ ഉൾപ്പെടുത്തിയ ഇറിഗേഷൻ പണികൾക്കുവേണ്ടി 1,030 ലക്ഷം രൂപ ലഭിച്ചു.

(ബി) മൈനർ ഇറിഗേഷൻ–422.50 ലക്ഷം രൂപ; ഇറിഗേഷൻ–607.50 ലക്ഷം രൂപ.

(സി) തിരുവനന്തപുരം ജില്ലയിൽ ഇറിഗേഷൻ ഡിവിഷന്റെ കീഴിലുള്ള പണികൾക്കായി 46.30 ലക്ഷം രൂപയും, മൈനർ ഇറിഗേഷൻ ഡിവിഷന്റെ കീഴിലുള്ള പണികൾക്കായി 23.50 ലക്ഷം രൂപയും നൽകിയിരുന്നു. ഇതോടൊപ്പം ചേർത്തിരിക്കുന്ന ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള പണികൾക്കാണ് മുകളിൽ കാണിച്ചിരിക്കുന്ന തുക അനുവദിച്ചിട്ടുള്ളത്.†

കിഴക്കെ കല്ലട പഞ്ചായത്തിലെ മിനി കനാലിന്റെ പണി

422 [459] ശ്രീ. തോപ്പിൽ രവി: താഴെ കാണുന്ന ചോദ്യത്തിന് നിയമവും ജലസേചനവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

കിഴക്കെ കല്ലട പഞ്ചായത്തിലെ ഉപ്പൂട് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ ഭാഗമായി നിർമ്മിക്കുന്ന മിനി കനാലിന്റെ പണികൾ എത്രത്തോളം പുരോഗമിച്ചു എന്നു വ്യക്തമാക്കാമോ?

ഉത്തരം

പണി പൂർത്തിയായി വരുന്നു.

ഓണമ്പലം കട്ടിന്റെ പണി

423 [460] ശ്രീ. തോപ്പിൽ രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിറ്റുമല ഏലായിലെ അധികജലം അഷ്ടമുടിക്കായലിലേക്കു ഒഴുക്കിക്കളയാൻ ഉദ്ദേശിച്ചുകൊണ്ടുള്ള ഓണമ്പലം കട്ടിന്റെ പണികൾ വർഷങ്ങളായി മുടങ്ങിക്കിടക്കുകയാണെന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ പണികൾ പുനരാരംഭിക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദീകരിക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഓണമ്പലം കട്ടിന്റെ പണി 1976–77-ൽ ഏറ്റെടുത്തു നടത്തുവാൻ അനുവദിച്ച കരാറുകാരൻ വളരെ കുറച്ചു പണികൾ മാത്രം നടത്തിയശേഷം ഏകപക്ഷീയമായി പണി നിർത്തി. അതിനാൽ ആ കരാർ റദ്ദാക്കി. തുടർന്നു രണ്ടു പ്രാവശ്യം ടെണ്ടർ ക്ഷണിച്ചെങ്കിലും പ്രതികരണമുണ്ടായില്ല. അതിനെത്തുടർന്നു കാട്ടേഷൻ മുഖേന പണികൾ നടത്തുവാൻ ഏൽപ്പിച്ച കരാറുകാരിയും പണി തുടരാൻ കാര്യമായ ശ്രമമൊന്നും കാണിക്കാത്തതുകൊണ്ട് ആ കരാറും റദ്ദാക്കി. പ്രസ്തുത പണിയുടെ

† അനുബന്ധം I

LIBRARY ARCHIVES Kerala Legislative Assembly